**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 659** **28-01-2026 - ൽ മറുപടിയ്ക്ക്**

**അയ്യമ്പുഴ പഞ്ചായത്തിൽ ഗിഫ്റ്റ് സിറ്റിക്കായി ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിൽ ഗിഫ്റ്റ് സിറ്റിക്കായി ഏറ്റെടുത്ത ഭൂമിയുടെ വില ഭൂവുടമകൾക്ക് നൽകിയോ; ഇല്ലെങ്കിൽ തുക എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ; | (എ) | അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിൽ ഗിഫ്റ്റ് സിറ്റി പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്തതുകൊണ്ട് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകാൻ സാധിച്ചിട്ടില്ല. കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുന്നതും ഭൂമിവിലയായി നിശ്ചയിച്ച തുക ഭൂവുടമകൾക്ക് ലഭിക്കുന്നതുമാണ്. |
| (ബി) | അയ്യമ്പുഴ പഞ്ചായത്തിൽ പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിയുടെ വില ഭൂവുടമകൾക്ക് ലഭിക്കാത്തതിനാൽ അവർക്കുണ്ടായിട്ടുള്ള പ്രയാസവും ദുരിതവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (സി) | ഗിഫ്റ്റ് സിറ്റിക്ക് ഭൂമി ഏറ്റെടുക്കുന്ന കാലഘട്ടത്തിൽ ജനകീയ പ്രതിഷേധങ്ങൾക്കെതിരെ പള്ളിവികാരി ഉൾപ്പെടെ സ്ഥല ഉടമകൾക്കെതിരെ എടുത്ത കേസുകൾ പിൻവലിക്കുമെന്ന് ഉറപ്പുനൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; നാളിതുവരെയായി കേസ് പിൻവലിക്കാതെയിരിക്കുകയും ഭൂവുടമകൾക്ക് ഭൂമിയുടെ വില നൽകാതിരിക്കുകയും ചെയ്യുന്നത് ഭൂവുടമകളോട് കാണിക്കുന്ന നീതിനിഷേധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ജനകീയ പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് സ്ഥല ഉടമകൾക്കെതിരെ നിർവ്വഹണ ഏജൻസിയായ കിൻഫ്ര നിലവിൽ ഇതുവരെ കേസ് ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഡി) | കേസുകൾ പിൻവലിക്കാനും ഭൂമിയുടെ വില എത്രയും വേഗം നൽകുന്നതിനും അടിയന്തര ഇടപെടൽ നടത്തുമോ; ഭൂവുടമകൾക്ക് എന്ന് മുതൽ ഭൂമിയുടെ വില നൽകി തുടങ്ങുമെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | അയ്യമ്പുഴ ഗിഫ്റ്റ് സിറ്റി പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനായി സർക്കാർ നിരന്തരശ്രമം നടത്തുന്നുണ്ട്. വിഷയം പാർലമെന്റിൽ ഉന്നയിക്കുന്നതിന് സ്ഥലം MPഉൾപ്പെടെയുള്ളവർക്ക് വിശദാംശങ്ങൾ കൈമാറിയിട്ടുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുകയും ഭൂവുടമകൾക്ക് ഭൂമിയുടെ വില നൽകി തുടങ്ങാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ